**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2371** **04-03-2025 - ൽ മറുപടിയ്ക്ക്**

**മസാല ബോണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മസാല ബോണ്ട് മുഖേന കിഫ്ബി സമാഹരിച്ചിട്ടുള്ള വായ്പയുടെ തിരിച്ചടവ് മാനദണ്ഡങ്ങളും പലിശയും വ്യക്തമാക്കുമോ; | (എ) | 2019 മാർച്ച് മാസമാണ് കിഫ്ബി മസാലാ ബോണ്ടിലൂടെ 2150 കോടി രൂപ സമാഹരിച്ചത്. ഇതിന്റെ കാലവധി 5 വർഷമായിരുന്നു. കൂപ്പൺ നിരക്ക് 9.723% ആയിരുന്നു. 2150 കോടി രൂപ (മുതൽ ഇനത്തിൽ) 5 വർഷം പൂർത്തിയാകുന്ന 2024 മാർച്ചിൽ മൊത്തമായി തിരിച്ചടക്കണമെന്നതായിരുന്നു മാനദണ്ഡം. |
| (ബി) | പ്രസ്തുത വായ്പ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ എന്നാണ് തിരിച്ചടച്ചതെന്നും ഏതൊക്കെ ഇനത്തിലാണ് തിരിച്ചടച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | 2019 മാർച്ച് മാസം കിഫ്ബി മസാലാ ബോണ്ടിലൂടെ സമാഹരിച്ച 2150 കോടി രൂപ കാലാവധിയായ 5 വർഷം പൂർത്തിയായപ്പോൾ, 2024 മാർച്ചിൽ പൂർണ്ണമായും തിരിച്ചടച്ചു. ബോണ്ട് കാലാവധിയിൽ 9.723% പലിശ നിരക്കിൽ 104.52 കോടി രൂപ അർദ്ധവാർഷിക അടിസ്ഥാനത്തിൽ നൽകിയിരുന്നു. |
| (സി) | സ്വന്തമായി വരുമാനം കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ കിഫ്ബി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കിഫ്ബി അംഗീകരിച്ചിട്ടുള്ള ആകെ പദ്ധതികളിൽ 25.30% (Rs.22,113.20 കോടി രൂപയുടെ പദ്ധതികൾ) വരുമാനദായകമാണ്. കൂടുതൽ പദ്ധതികൾ വരുമാനദായകമാക്കുന്നതിന്റെ സാധ്യതകളും പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ